JAGRATHA 99

Vol-3, N0:24
17-07- 2009

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. സ്വവർഗരതി: അധാർമികതയും നിയമവിരുദ്ധതയും: ഫാ. വർണർ ചക്കാലയ്ക്കൽ സി.എം.ഐ

02. സ്വവർഗരതിയെ കേന്ദ്രസർക്കാർ എതിർക്കണം: കെസിബിസി ജാഗ്രതസമിതി

03. മാർ ജോസഫ് പവ്വത്തിലിനെതിരായ പ്രസ്താവന വേദനജനകം: മാർ ക്ലീമീസ് കാതോലിക്കബാവ

04. ജനാധിപത്യരക്ഷയ്ക്കുവേണ്ടിയുള്ള സഭയുടെ ഇടപെടലായിരുന്നു വിമോചനസമരം: കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ

05. സിബിഐ യുടെ ഒത്തുകളി പുറത്താകുന്നു: കെസിബിസി ജാഗ്രതസമിതി

06. തെരഞ്ഞെടുപ്പിൽ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രാതിനിധ്യം നൽകണം: ഡോ.അച്ചാരുപറമ്പിൽ

## 01. സ്വവർഗരതി: അധാർമികതയും നിയമവിരുദ്ധതയും: ഫാ. വർണർ ചക്കാലയ്ക്കൽ സി.എം.ഐ

അധാർമികമായതെല്ലാം നിയമവിരുദ്ധമാണോ? തെറ്റായതെല്ലാം കുറ്റമാണോ? ഒരാൾക്ക് തെറ്റായത് മറ്റൊരാൾക്ക് ശരിയാവാൻ പാടില്ലെ ? സ്വവർഗരതിയെ ശിക്ഷാർഹമായ കുറ്റമായി ചിത്രീകരിക്കുന്ന ഇൻഡ്യൻ ശിക്ഷാനിയമം 377-)0 ഖണ്ഡിക റദ്ദാക്കിക്കൊണ്ട് ഡൽഹി ഹൈക്കോടതിയുടെ ഈയിടെ നടന്ന വിധിതീർപ്പ് വലിയൊരു വിവാദത്തിന് വഴിതെളിയിച്ചിരിക്കുകയാണല്ലോ. അതിലെ ശരിയും തെറ്റും എന്താണ്? അധാർമികമായതെല്ലാം നിയമപരമായി ശിക്ഷാർഹമാണെന്ന് പറയാൻ പറ്റില്ല. സമൂഹത്തിന്റെ ആരോഗ്യകരമായ ജീവിതത്തിന് വിഘാതമായിവരുന്ന തെറ്റായ പ്രവൃത്തികളേയാണ് സമൂഹം ശിക്ഷിക്കുക. അതായത് സമൂഹത്തിന്റെ സുസ്ഥിതിയ്ക്കും സമാധാനപരമായ ജീവിതത്തിനും ഭീഷണി ആവുമ്പോൾ. ചുരുക്കത്തിൽ എല്ലാ തെറ്റുകളും നിയമപരമായ കുറ്റങ്ങളായി പരിഗണിക്കാനാവില്ല. ഓരോ വ്യക്തിയുടേയും ആന്തരിക സ്വാതന്ത്ര്യത്തിലേക്കുള്ള അനർഹമായ കൈകടത്തലായി തീരുമല്ലോ അത്.

മറുവശത്ത് നിയമപരമായി കുറ്റകരമല്ലാത്തതൊക്കെ ധാർമികമായി ശരിയാണെന്ന് അർത്ഥമാകുന്നില്ല. 377-)0 വകുപ്പിനെ കുറിച്ചുള്ള വിവാദങ്ങളിൽ വ്യാപകമായി ഉന്നയിക്കപ്പെടുന്ന ഒരു തെറ്റിദ്ധാരണയാണിത്. ഈ നിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുക്കൊണ്ട് ചില തൽപരസംഘടനകൾ നടത്തിയ പ്രകടനങ്ങൾ പൊക്കി കാണിച്ച പ്ലക്കാർഡുകളിൽ ഒന്നിങ്ങനെയാണ്. "സ്നേഹിക്കുക എന്നത് കുറ്റകരമാണോ?" (Is Loving a Crime ?) അത് തീർച്ചയായും കുയുക്തി നിറഞ്ഞൊരു പ്രസ്താവന തന്നെ. സ്നേഹം കുറ്റകരമാണെന്ന് ആരും പറയുന്നില്ല. വഴിവിട്ട സ്നേഹം തെറ്റാണെന്നേ ധാർമികത ആവശ്യപ്പെടുന്നുള്ളൂ. വാൾ വീശുന്നത് തെറ്റാണെന്ന് ആരും പറയുന്നില്ല. മറ്റൊരാളുടെ കഴുത്തിൽ വാൾ വീശുമ്പോഴാണ് അത് തെറ്റാകുന്നത്.സ്വവർഗലൈംഗീകത എല്ലാകാലത്തും പ്രത്യക്ഷപ്പെട്ടിട്ടുള്ള രോഗാതുരമായ ഒരു പ്രവണതയാണെന്ന് സമ്മതിക്കാതെ തരമില്ല. എന്നാൽ എല്ലാ കാലത്തും എല്ലാസമൂഹങ്ങളിലും അപലപിക്കപ്പെട്ടിട്ടുള്ള ഒരു പ്രതിഭാസ

മാണിത്. ഈ അടുത്ത കാലത്താണ് അത് ഒരു അവകാശമായി അംഗീകരിക്കപ്പടണമെന്ന് ചില സംഘടിത ഗ്രൂപ്പുകൾ മുറവിളികൂട്ടാൻ തുടങ്ങിയത്. അതിനെ ന്യായീകരിക്കുവാൻ ചില എഴുത്തുകാരും സാംസ്ക്കാരിക പ്രവർത്തകരും മുന്നോട്ടു വന്നിട്ടുണ്ടെന്നുള്ളത് ഒരു ആധുനിക പ്രതിഭാസമാണ്. ഒരു ന്യൂനപക്ഷാവകാശ മായി അതിനെ ചിത്രീകരിക്കാനും തുടങ്ങിയിരിക്കുന്നു. സ്വവർഗലൈംഗീകത ഒരു ന്യൂനപക്ഷമാണത്രെ. അങ്ങനെയാണെങ്കിൽ മോഷണവും അക്രമാസക്തിയും ന്യൂനപക്ഷത്തിന്റെ അവകാശമായി കാണേണ്ടിവരും. ഇതിന്റെയൊക്കെ പുറകിലുള്ളത് സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്ന ധാർമികതയുടെ മാനദണ്ഡത്തെ ക്കുറിച്ചുള്ള ഒരു തെറ്റിദ്ധാരണയാണ്. എനിക്ക് ശരിയാണെന്ന് തോന്നുന്നത് എനിക്ക് ശരി. വേറൊരാൾക്ക് ശരിയാണെന്ന് തോന്നുന്നത് അയാൾക്ക് ശരി. എല്ലാവർക്കും ശരിയായ ഒന്നുമില്ല എന്ന തത്വശാസ്ത്രം അധി കമൊന്നും ആലോചിക്കാതെ പലരും തട്ടിവിടുന്നുണ്ട്. തന്റെ ഭാഗം മറ്റുള്ളവർ അംഗികരിക്കാത്തപ്പോഴാണ് പ ലപ്പോഴും ഇത്തരം ന്യായങ്ങൾ പലരും ഉന്നയിക്കാറ്. പക്ഷെ സത്യമെന്താണ് ? സ്വന്തം മനസാക്ഷിയാണ് തെറ്റും ശരിയും തീരുമാനിക്കുന്നതെന്നത് അടിസ്ഥാനപരമായി ശരിയാണ്. പക്ഷെ മന:സാക്ഷിയെ നയിക്കേ ണ്ടത് സുബുദ്ധിയുടെ ശാസനമാണ്. സുബുദ്ധി എന്നുവച്ചാൽ എന്താണ്? സൃഷ്ടാവിന്റെ സൃഷ്ടിസംവിധാന ത്തോടുള്ള വിധേയത്വം സ്വതന്ത്രമായി അനുസരിക്കുന്നതാണ് ശരി എന്ന സുബുദ്ധിയുടെ ശാസനം.അതിനെ തിരായതു തെറ്റാണെന്ന് സുബുദ്ധി അനുശാസിക്കുന്നു. അതാണ് തെറ്റും ശരിയും വേർതിരിക്കുന്ന മാനദ ണ്ഡം. ഈ തത്വം ലൈംഗീകതയുടെ കാര്യത്തിലും സ്വാർത്ഥകമാണ്.

ലൈംഗീകത ദൈവനിശ്ചിതവും പരിശുദ്ധവുമാണ്. പ്രകൃതി തന്നെയാണ് അതിന് സാക്ഷി. മനുഷ്യനെ സംബന്ധിച്ചിടത്തോളം മനുഷ്യവ്യക്തിത്വത്തിന്റെ ആത്യന്തികഘടനയിൽ തന്നെ ഉൾപ്പെടുന്നതാണ് ലൈംഗീക ത. പുരുഷനും സ്ത്രീയുമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നത് ബൈബിളിൽ മാത്രമല്ല, എക്കാലത്തു മുള്ള എല്ലാ മനുഷ്യരുടേയും അവബോധത്തിൽ ആഴമായി പതിഞ്ഞിട്ടുള്ള സനാതന സത്യമാണ്. പക്ഷെ മനു ഷ്യപ്രകൃതി അതിന്റെ പൂർണതയിൽ എല്ലാ മനുഷ്യവ്യക്തികളിലും സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ലെന്നുള്ളത് ആർക്കും നിഷേധിക്കാനാവില്ല. അതായത് മനുഷ്യപ്രകൃതിയ്ക്ക് ക്ഷതമേറ്റിട്ടുണ്ടെന്നുള്ളത് പകൽ പോലെ വെളിവായ ഒരു വസ്തുതയാണ്. അതിന്റെ നാനാവൃതവൈകൃതങ്ങളിൽ ഒന്നായിട്ടേ ലൈംഗീകമേഖലയിലെ രോഗാതുരപ്രവണതകളെ വീക്ഷിക്കേണ്ടതുള്ളു. രോഗാതുരമായതിനെ ചികിത്സിക്കുകയും പരിഹരിക്കുകയും ധർമോപദേശത്താലും ശരിയായ ശിക്ഷണത്താലും തിരുത്തുകയും ചെയ്യുകയാണാവശ്യം. അതിനെ എപ്പോഴും നിയമപരമായ കുറ്റമായികണ്ട് കോടതി വഴി ശിക്ഷിക്കേണ്ടതില്ലായിരിക്കാം. പക്ഷെ അതിനെ ന്യായികരിക്കു കയും ധാർമികതയുടെ പരിവേഷം നൽകുകയും, ഇല്ലാത്ത അവകാശങ്ങൾക്കായി വാദിക്കുന്നതും തെറ്റാണ്. സ്വവർഗം മുതലായവയെ നിയമപരമായി അംഗീകരിക്കുക ഒരു പരിഷ്കൃതരാജ്യത്തിനും ചേർന്നതല്ല. വിവാഹമെന്ന സംവിധാനത്തോടുള്ള അവഹേളനമാണത്. അതിന്റെ വിദൂരഫലങ്ങൾ ആ സംവിധാനത്തിനുത ന്നെയും സമൂഹത്തിനും നാശകരമായിരിക്കും.

## 02. സ്വവർഗരതിയെ കേന്ദ്രസർക്കാർ എതിർക്കണം: കെസിബിസി ജാഗ്രതസമിതി

അധാർമികവും പ്രകൃതിവിരുദ്ധവുമായ സ്വവർഗലൈംഗികതയെ കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ എതിർക്കണമെന്നു കെസിബിസി ജാഗ്രതസമിതി ആവശ്യപ്പെട്ടു. കുടുംബമൂല്യങ്ങളേയും ഭാരതസംസ്ക്കാരത്തേയും കാറ്റിൽപറത്തുന്ന സ്വവർഗലൈംഗികതയ്ക്കു കേന്ദ്രസർക്കാർ അംഗീകാരം നൽകിയാൽ സമൂഹത്തിന്റെ നിലനിൽപ്പിനുതന്നെ ദോഷകരമായി ബാധിക്കും. ഇതു ദൈവനീതിയുടെയും പ്രകൃതിനിയമങ്ങളുടെയും നിഷേധമായിട്ടാണ് സഭ കാണുന്നത്. സ്വവർഗ ലൈംഗികതയ്ക്കു കേന്ദ്രസർക്കാർ അംഗീകാരം നൽകരുതെന്നു കെസിബിസി ജാഗ്രതാ സമിതി സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

## 03. മാർ ജോസഫ് പവ്വത്തിലിനെതിരായ പ്രസ്താവന വേദനജനകം: മാർ ക്ലീമീസ് കാതോലിക്കബാവ

ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിലിനെ പോലെയുള്ള സമാദരണീയരായ സഭാ നേതാക്കന്മാരെ ആക്ഷേപിക്കുന്ന പ്രവണത ഏറെ വേദനാജനകമാണെന്ന് മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ച്

ബിഷപ്പ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ. മാർ ജോസഫ് പവ്വത്തിൽ കേരളസഭാ സമൂഹത്തിലെ ഒറ്റപ്പെട്ട ശബ്ദമല്ല. അദ്ദേഹം പ്രതിനിധാനം ചെയ്യുന്നത് വിശാലമായ മനുഷ്യ സമൂഹത്തെയാണ്. സാമൂഹ്യ നന്മയെ തുരങ്കം വയ്ക്കുന്ന നിഷേധാത്മക നിലപാടുകളിൽനിന്നു പിന്മാറണമെന്ന് ഇവിടെ പത്രക്കുറിപ്പിൽ കാതോലിക്കബാവ ആവശ്യപ്പെട്ടു. ഉന്നത വിദ്യാഭ്യാസ രംഗത്തു കഴിഞ്ഞ കുറെക്കാലമായി നിലനിൽക്കുന്ന അസ്വസ്ഥതകൾക്കു കൂട്ടായി പരിഹാരം കാണാനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുമ്പോൾ ഇതുപോലുള്ള പ്രസ്താവനകളും സമീപനങ്ങളും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനു പകരം കൂടുതൽ സങ്കീർണമാക്കുന്നതിനേ ഉപകരിക്കൂ. അക്രമോത്സുകമായ ഇത്തരം നടപടികൾ സമവായത്തിനുള്ള വഴികൾ ബോധപൂർവം അടയ്ക്കാൻ താത്പര്യപ്പെടുന്നവരുടേതാണെന്ന് ബാവ പറഞ്ഞു. മതന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങളും സാമൂഹ്യനീതിയും ഉന്നത വിദ്യാഭ്യാസത്തിന്റെ സാധ്യതകളും തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ വിദ്യാഭ്യാസ പുരോഗതി നമുക്കു കൈവരിക്കാനാകൂ. അതിനിടയിൽ ഇത്തരം വില കുറഞ്ഞ പ്രസ്താവനകൾ കേവലം ഒറ്റപ്പെട്ടതല്ല. ചില നിഗൂഢലക്ഷ്യങ്ങളും സംഘടിത ശ്രമങ്ങളും ഇതിനു പിന്നിലുണ്ടെന്നും ബാവ കുറ്റപ്പെടുത്തി.

**(ശനിയാഴ്ച സെക്രട്ടേറിയറ്റ് കവാടത്തിൽ നടത്തിയ സ്വാശ്രയ കോളജ് വിരുദ്ധ സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് ആർച്ച് ബിഷപ്പ് മാർ പവ്വത്തിലിനെപ്പോലുള്ളവർ നാടിന്റെ ശാപമാണെന്ന് എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി പറഞ്ഞിരുന്നു. എസ്എഫ്ഐ പത്രസമ്മേളനങ്ങളിൽ മാർ പവ്വത്തിലിനെ പേരെടുത്തു ആക്ഷേപിക്കുന്നത് പതിവായിട്ടുണ്ട്.)**

## 04. ജനാധിപത്യരക്ഷയ്ക്കുവേണ്ടിയുള്ള സഭയുടെ ഇടപെടലായിരുന്നു വിമോചനസമരം: കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ

ജനാധിപത്യ സങ്കൽപ്പങ്ങൾ തകർത്ത 1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ദുർചെയ്തികൾക്കെതിരെ സ്വാഭാവികമായുണ്ടായ ജനവികാരമായിരുന്നു വിമോചനസമരമെന്നും ജനാധിപത്യരക്ഷയ്ക്കു വേണ്ടിയുള്ള കത്തോലിക്കാസഭയുടെ ഇടപെടലായിരുന്നു അതെന്നും കർദിനാൾ വർക്കി വിതയത്തിൽ. എറണാകുളം - അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കർദിനാൾ. പോളണ്ട്, ഹംഗറി, ഫിലപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളിലുണ്ടായ ഏകാധിപത്യ പ്രവണതകൾക്കെതിരെ സഭയുടെ സമാനമായ ഇടപെടൽ ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം അനുസ്മരിച്ചു. യോഗത്തിൽ മാർ തോമസ് ചകൃത്ത് അധ്യക്ഷം വഹിച്ചു.വിമോചനസമരം ഉണ്ടായില്ലായിരുന്നെങ്കിൽ വർത്തമാന കേരളത്തിന്റെ ചരിത്രം മറ്റൊന്നാകുമായിരുന്നെന്നും ജനക്ഷേമത്തിനു വേണ്ടിയുള്ള സർക്കാർ പദ്ധതികൾ പാർട്ടിക്ക് വേണ്ടി പാർശ്വവൽക്കരിക്കുകയും ചെയ്തു. ഏകാധിപത്യ നടപടികൾക്കെതിരെയുള്ള ജനങ്ങളുടെ ചെറുത്തുനിൽപ്പായിരുന്നു അതെന്നും പാസ്റ്ററൽ കൗൺസിൽ അഭിപ്രായപ്പെട്ടു.

സ്വവർഗ ലൈംഗികത നിയമാനുസൃതമാക്കുന്ന ഡൽഹി ഹൈക്കോടതി വിധി സാമൂഹ്യ അരാജകത്വത്തിന് വഴി വയ്ക്കുമെന്നും സാംസ്കാരിക പൈതൃകങ്ങൾ തകർക്കുന്ന ഈ വിധി പ്രകൃതിവിരുദ്ധവും സ്വാഭാവിക മനുഷ്യബന്ധങ്ങളോടുള്ള വെല്ലുവിളിയാകുന്നതുകൊണ്ട് അത് റദ്ദ് ചെയ്യാൻ കേന്ദ്രസർക്കാർ തയാറാകണമെന്നും ഒരു പ്രമേയം വഴി ആവശ്യപ്പെട്ടു.മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, റവ.ഡോ.പോൾ തേലക്കാട്ട്, റവ.ഡോ.ജോസ് ചിറമേൽ, അഡ്വ.ജോസ് വിതയത്തിൽ, ഫാ.ജോസ് വയലിക്കോടത്ത്, സിസ്റ്റർ ജോളി, ബാബു ജോസഫ്, അഡ്വ.ചാർളി പോൾ, അഡ്വ. ബിനു ജോൺ എന്നിവർ പ്രസംഗിച്ചു.

## 05. സിബിഐ യുടെ ഒത്തുകളി പുറത്താകുന്നു: കെസിബിസി ജാഗ്രതസമിതി

അഭയാ കേസിൽ സിബിഐയും ഫോറൻസിക് ലാബ് മുൻ അസിസ്റ്റന്റ് ഡയറക്ടർ ഡോ. മാലിനിയും തമ്മിൽ ഒത്തുകളിക്കുകയാണെന്ന ഹൈക്കോടതി ജഡ്ജി കെ.ഹേമയുടെ പരാമർശം വളരെ പ്രാധാന്യം അർഹിക്കുന്നുവെന്ന് കെസിബിസി ജാഗ്രതാ സമിതി സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പത്രക്കുറിപ്പിൽ പറഞ്ഞു. ഇപ്പോൾ കുറ്റവാളികളെന്ന് തെറ്റിദ്ധരിക്കപ്പെടുന്നവരുടെ പേരിൽ കുറ്റം കെട്ടിവെച്ച് എത്രയും പെട്ടെന്ന് കേസ് തെളിയിച്ചു എന്നവകാശപ്പെടാനുള്ള വ്യഗ്രതയല്ലാതെ മറ്റൊന്നും ഇതുവരെയുള്ള സിബിഐയുടെ നടപടികളിൽ കാണുന്നില്ല. എന്നാൽ, സിബിഐ ഇതിനു സ്വീകരിക്കുന്ന എല്ലാ മാർഗങ്ങളും കോടതിയുടെ കടുത്ത വിമർശനത്തിന് വിധേയമാകുകയാണ്. ഇനിയെങ്കിലും ഇത്തരം സ്വയം പരിഹാസ്യമാകുന്ന അന്വേഷണത്തിൽ നിന്നു പിന്മാറി സ്വാർഥലക്ഷ്യത്തോടെയല്ലാതെ അഭയാ കേസിനെ സിബിഐ സമീപിക്കണമെന്നും അദ്ദേഹം അവശ്യപ്പെട്ടു. നാർകോ അനാലിസിസ് സിഡിയിൽ കൃത്രിമം നടത്തിയത് സിബിഐ ആണെന്ന് ജസ്റ്റീസ് രാംകുമാർ പറഞ്ഞപ്പോൾ അതിനെതിരെ പ്രതികരിക്കാതിരുന്ന സിബിഐ തന്റെ ജാമ്യവിധിന്യായത്തിൽ ഡോ. മാലിനിയെ സംശയിക്കുന്നതായി പറഞ്ഞപ്പോൾ ആ പരാമർശം നീക്കിക്കിട്ടുന്നതിനായി സുപ്രീംകോടതിയെ സമീപിച്ചതിനെയും ജസ്റ്റീസ് ഹേമ വിമർശിക്കുന്നുണ്ട്. ഇതെല്ലാം വെളിവാക്കുന്നത് ചില ഗൂഢലക്ഷ്യത്തോടെയാണ് ഇക്കാലമത്രയും സിബിഐ പ്രവർത്തിച്ചതെന്നാണ്. ഇത്തരത്തിൽ തെറ്റായ അന്വേഷണ രീതികളിൽ നിന്നും മാധ്യമങ്ങളിലൂടെ അപവാദങ്ങൾ പ്രചരിപ്പിക്കുന്ന ശ്രമത്തിൽ നിന്നും സിബിഐ പിന്മാറണമെന്നും കെസിബിസി ജാഗ്രതാ സമിതി സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

## 06. തെരഞ്ഞെടുപ്പിൽ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രാതിനിധ്യം നൽകണം: ഡോ.അച്ചാരുപറമ്പിൽ

നിയമസഭയിലേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും തെരഞ്ഞടുപ്പിൽ പിന്നോക്ക വിഭാഗങ്ങൾക്കു പ്രാതിനിധ്യം നൽകണമെന്ന് കെആർഎൽസിസി പ്രസിഡന്റും കെസിബിസി അധ്യക്ഷനുമായ വരാപ്പുഴ ആർച്ച് ബിഷപ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ ആവശ്യപ്പെട്ടു. കെആർഎൽസിസി സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് എറണാകുളത്ത് നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർക്കു പ്രത്യേക ബോധവത്കരണം നൽകണമെന്നും അദ്ദേഹം പറഞ്ഞു.സഭ വൈദിക വർഷമായി ആചരിക്കുന്ന കാലയളവിൽ വിശ്വാസികളേയും വൈദികരേയും രണ്ടു തട്ടിലാക്കാനുള്ള ശ്രമം ചിലകേന്ദ്രങ്ങളിൽ നിന്ന് കാണുന്നു. ഇത് ഗൗരവമായി കാണണം. സാമ്പത്തിക മാന്ദ്യം എല്ലാമേഖലയിലെ തൊഴിലാളികളെയും ബുദ്ധിമുട്ടിക്കുകയാണ്. ദുരിതം അനുഭവിക്കുന്ന മത്സ്യ, നിർമാണ, തോട്ടം മേഖലകളിലെ തൊഴിലാളികളെ പ്രത്യേകം പരിഗണിക്കണം. കുട്ടനാടൻ മാതൃകയിൽ തീരദേശതൊഴിലാളികൾക്ക് സമഗ്രമായ വികസനപാക്കേജ്പ്രഖ്യാപിച്ച്കേന്ദ്രസർക്കാർനടപ്പാക്കാൻ തയാറാവണം.മത്സ്യത്തൊഴിലാളികളുടെയുംതീരദേശനിവാസികളുടെയും വികസനസാധ്യതകൾ ഉറപ്പുവരുത്താൻ കേന്ദ-സംസ്ഥാന സർക്കാരുകൾ തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.സ്വവർഗ രതിക്ക് അനുകൂലമായ രീതിയിൽ നിയമനിർമാണത്തിനുള്ള നീക്കം ഉപേക്ഷിക്കണമെന്നും ഇത് അംഗീകരിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ എണ്ണം വർധിപ്പിച്ച കേന്ദ്രസർക്കാരിന്റെ നടപടിയെ സമ്മേളനം സ്വാഗതം ചെയ്തു.പത്രസമ്മേളനത്തിൽ കെആർഎൽസിസി പ്രസിഡന്റും കെസിബിസി അധ്യക്ഷനുമായ വരാപ്പുഴ ആർച്ച് ബിഷപ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ, കെആർഎൽസിസി വൈസ് പ്രസിഡന്റ് ബിഷപ് വിൻസെന്റ് സാമുവൽ, പുനലൂർ ബിഷപ് സിൽവിസ്റ്റർ പൊന്നുമുത്തൻ, കെആർഎൽസിസി ജനറൽ സെക്രട്ടറി ഫാ. സ്റ്റീഫൻ കുളക്കയത്തിൽ, ഇഗ്നേഷ്യസ് ഗോൺസാൽവസ് എന്നിവർ പങ്കെടുത്തു.